ഉത്തരം

(എ) ഉണ്ട്. സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ സർക്കാരിന് ലഭ്യമല്ല.

(ബി)&(സി) യു. എ. ഇ.-യിലെ ദുബായ് കോൺസുലേറ്റിന്റെ റിപ്പോർട്ടു പ്രകാരം 8-2-2005-ൽ 42 ഇന്ത്യൻ സ്ത്രീകൾ ദുബായിലെ ജയിലിലുണ്ടെന്നും അവരിൽ 19 പേർ കേരളീയരാണെന്നും കണ്ടെത്തിയിട്ടുണ്ട്. തിരിച്ചയയ്ക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായാൽ ഉടൻതന്നെ ഇവരെ നാട്ടിലേക്ക് കയറ്റി വിടുമെന്ന് കോൺസുലേറ്റ് അറിയിച്ചിട്ടുണ്ട്. കൂടാതെ 15-1-2005-ൽ 37 ഇന്ത്യൻ സ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ 27 പേർ കേരളത്തിൽ നിന്നുള്ളവരായിരുന്നെന്നും ഇവരിൽ 36 പേരെ ജനുവരി അവസാനത്തോടുകൂടി നാട്ടിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും കോൺസുലേറ്റ് അറിയിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനായി അതത് രാജ്യത്തെ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നതിന് നടപടി

29 [1544] ശ്രീ. സി. ടി. അഹമ്മദ് അലി:

ശ്രീ. ടി. പി. എം. സാഹിർ:

ശ്രീ. ചെർക്കളം അബ്ദുള്ള:

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2002 മുതൽ 2004 വരെയുള്ള വർഷങ്ങളിൽ ആത്മഹത്യ നിരക്ക് എത്രയായിരുന്നു ;

(ബി) ഇത് വർഷാവർഷം കൂടി വരികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(സി) ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ഓരോ വർഷവും ആത്മഹത്യ നടത്തുന്നവരിൽ യുവാക്കളും മദ്ധ്യവയസ്കരും എത്ര വീതം ; അതിൽ പുരുഷൻമാർ എത്ര ; സ്ത്രീകളെത്ര ;

(ഡി) കേരളത്തിലെ ആത്മഹത്യാ നിരക്കും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലെ ആത്മഹത്യാ നിരക്കും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ എവിടെയാണ് നിരക്ക് കൂടിയിരിക്കുന്നത് ;

(എഫ്) ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതിന്റെ പ്രധാന കാരണങ്ങൾ ഏതൊക്കെ അടിസ്ഥാനത്തിലാണെന്ന് വല്ല പഠനവും ഗവൺമെന്റോ ഗവൺമെന്റിതര സംഘടനകളോ നടത്തിയതായി അറിയുമോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) ആത്മഹത്യയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അതിന്റെ വരുംവരായ്കകളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികൾ ഇനിയും സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം (ഒന്ന്) ആയി ചേർത്തിട്ടുണ്ട്. †

(ബി)&(സി) ആത്മഹത്യാ നിരക്ക് വർഷാവർഷം വർദ്ധിക്കുന്നു എന്നത് ശരിയല്ല. ആത്മഹത്യകളുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. †

(ഡി) ആത്മഹത്യാ നിരക്ക് സംബന്ധിച്ച് 2001-ൽ നടത്തിയ താരതമ്യപഠനം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

(ഇ) കേരളത്തിൽ.

(എഫ്), (ജി) &(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ബേപ്പൂരിലെ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ

30 [1545] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂരിലെ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 3.94 ഏക്കർ സ്ഥലം കൈമാറുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയതായി 31-1-2005-ന് സഭയിൽ നൽകിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കെ, സ്ഥലം ലഭിച്ചിട്ടില്ലെന്നും പദ്ധതി ഉപേക്ഷിക്കേണ്ടിവരുമെന്നുമുള്ള കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറലിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കോസ്റ്റ് ഗാർഡിന് എത്രയും വേഗം ഭൂമി കൈമാറി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം III, III (എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly